# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3932 — 20.07.15 ൽ - മറുപടിക്ക്

## പുതിയ റേഷൻകാർഡ് വിതരണവും കാർഡിലെ വിവരങ്ങളുടെ ആധികാരികതയും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. അജിത് : | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | പഴയ റേഷൻകാർഡിൽ നിന്നും വ്യത്യസ്തമായി എന്തെല്ലാം വിവരങ്ങളാണ് പുതിയ കാർഡുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും പുതിയ കാർഡുകളുടെ ഉപയോഗം നിലവിൽ വന്നു കഴിയുമ്പോൾ ഏതെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് പകരം റേഷൻ കാർഡ് ഉപയോഗിക്കുവാൻ കഴിയുമോ എന്നും വ്യക്തമാക്കുമോ; | (എ) | പുതിയ റേഷൻകാർഡിൽ കാർഡുടമയുടെ പേര്, കാർഡുടമയുടെ മേൽവിലാസം, കുടുംബത്തിന്റ പ്രതിമാസ വരുമാനം, റേഷൻകട വഴി വാങ്ങുന്ന സാധനങ്ങളുടെ അളവ്, സപ്ലൈകോ/കൺസ്യൂമർഫെഡ് എന്നിവയിൽ നിന്ന് വാങ്ങുന്ന 7 അവശ്യ സാധനങ്ങളുടെ അളവ് തുടങ്ങിയ വിവരങ്ങളാണ് ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. റേഷൻ കാർഡ് റേഷൻ സാധനങ്ങൾ വാങ്ങുന്നതിനു വേണ്ടി മാത്രം ഉള്ളതാണ്. ഏതെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് പകരം റേഷൻ കാർഡ് ഉപയോഗിക്കാൻ പറ്റുന്നതല്ല. |
| (ബി) | റേഷൻ കാർഡിലെ വിവരങ്ങൾക്ക് കാർഡിൽ ഉൾപ്പെട്ട വ്യക്തികൾ നൽകുന്നതിലപ്പുറം എന്തെങ്കിലും ആധികാരികത ഉണ്ടോയെന്നും ഒരു വ്യക്തി തെറ്റായ വിവരങ്ങളാണ് നൽകിയിട്ടുള്ളതെങ്കിൽ എന്തു നടപടി സ്വീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ? | (ബി) | റേഷൻ കാർഡിലെ വിവരങ്ങൾക്ക് ഉള്ള ആധികാരികത സോഷ്യൽ ആഡിറ്റ് വഴി പരിശോധിക്കുന്നതാണ്. കൂടാതെ, സോഷ്യൽ ആഡിറ്റിൽ റേഷൻ കാർഡിലെ വിവരങ്ങൾ സംബന്ധിച്ച പരാതികൾ റേഷനിംഗ് ഇൻസ്പെക്ടർ മുഖേന സ്പോട്ട് അന്വേഷണം നടത്തി പരിഹരിക്കുന്നതാണ്. |

*സെക്ഷൻ ഓഫീസർ*